7. Cr. No. 9/CR/SII/09 (Vadakkekara PS Cr. 819/08)

8. Cr. No. 49/CR/SII/09 (Vandiperiyar PS Cr. 43/09)

9. Cr. No. 447/CR/OCWII/10 (Nedumbassery PS Cr. 665/10)

10. Cr. No. 213/CR/SIII/07 (Nadakkavu PS Cr. 303/07)

11. Cr. No. 191/CR/SIII/07 (Nallalam PS Cr. 260/07)

12. Cr. No. 518/CR/OCWIV/10 (Nadakkavu PS 546/10)

13. Cr. No. 22/CR/SIII/09 (Kondotty PS 103/09)

(സി) 10 പ്രതികൾ.

(ഡി) ഇല്ല.

(ഇ) Crime Nos. 22/CR/SII/09, 101/CR/SII/08, 447/CR/OCWII/10 എന്നീ കേസ്സുകളിൽ വിദേശ ബന്ധമുള്ളതിനാൽ, അന്വേഷണത്തിന്റെ വ്യാപ്തി വിദേശരാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടതിനാൽ, ടി കേസ്സുകൾ NIA-യെ കൊണ്ട് അന്വേഷിപ്പിക്കാനുള്ള ശിപാർശ പരിശോധനയിലാണ്.

അന്യസംസ്ഥാനത്ത് നിന്നും കേരളത്തിൽ തൊഴിൽ തേടിയെത്തുന്നവരുടെ തിരിച്ചറിയൽ രേഖകൾ

12 (1476) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനത്തുനിന്നും കേരളത്തിൽ തൊഴിൽ തേടിയെത്തുന്നവർക്ക് എന്തെല്ലാം തിരിച്ചറിയൽ രേഖകൾ വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(ബി) ഇവരെക്കുറിച്ചുള്ള വിശദവിവരം രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) തീവ്രവാദവും അക്രമപ്രവർത്തനങ്ങളും തടയുന്നതിന് അന്യസംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കുന്നതിനും തിരിച്ചറിയൽരേഖ ഏതവസരത്തിലും കാണിക്കണമെന്ന നിബന്ധനയും ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം അടിയന്തരമായി പരിഗണിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly